/

# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.32 27.02.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

## <u>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് നിയമനം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **ശ്രീ.പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | പൊതുജനാരോഗ്യ വകുപ്പിൽ രണ്ടാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ തൃശ്ശൂർ ജില്ലാ (എൻ.സി.എ-മുസ്ലിം) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു; | എ) | 22 പേരെ നിയമിച്ചു. |
| ബി) | ലിസ്റ്റിന്റെ കാലാവധി എന്നുവരെ യെന്ന് വ്യക്തമാക്കാമോ; | ബി) | കാറ്റഗറി നം.301/07 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് 01.12.2009-ൽ പ്രസിദ്ധീകരിച്ച ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II (തൃശ്ശൂർ ജില്ല) തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും നിയമന ശുപാർശ നൽകിയപ്പോൾ മുസ്ലീം വിഭാഗം ഉദ്യോഗാർത്ഥിയുടെ അഭാവം മൂലമുണ്ടായ ഒഴിവുകളിലേക്ക് മാത്രമുള്ള തെരഞ്ഞെടുപ്പിനായി കാറ്റഗറി നം.114/2013 ആയി NCA വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിലേക്ക് നിലവിൽ വന്ന പട്ടികയിൽ നിന്നും മേൽ സൂചിപ്പിച്ച ഒഴിവിലേക്ക് മാത്രമാണ് നിയമന ശിപാർശ നൽകുന്നത്. അപ്രകാരം നിയമന ശിപാർശ നൽകിയവരിൽ ആരെങ്കിലും യഥാസമയം ജോലിക്ക് ഹാജരാകാതിരുന്നാൽ ടി ഒഴിവുകൾ (NJD ഒഴിവുകൾ) നിയമനാധികാരി എഴുതി അറിയിക്കുന്നപക്ഷം ആയതിലേക്ക് കൂടി നിയമന ശിപാർശ നൽകുകയും ലിസ്റ്റ് കാലഹരണപ്പെടുകയും ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| സി) | നിലവിൽ ഒഴിവുള്ള തസ്തികകളിൽ കൂടി പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | സി) | കാറ്റഗറി നം.301/07 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും 01.12.2009-ൽ നിലവിൽ വരികയും ചെയ്ത റാങ്ക് പട്ടികയിൽ മുസ്ലീം വിഭാഗം ഉദ്യോഗാർത്ഥികളുടെ അഭാവം മൂലമുണ്ടായ NCA ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിലേക്കായി തയ്യാറാക്കിയ ടി ലിസ്റ്റിൽ നിന്നും ടി ഒഴിവുകളിലേക്ക് മാത്രമേ നിയമന ശിപാർശ നൽകുകയുള്ളൂ.<br>ടി തസ്തികയുടെ നിയമനത്തിനായി 06.06.2016-ന് നിലവിൽ വന്ന ലിസ്റ്റിൽ മുസ്ലീം വിഭാഗം ഉദ്യോഗാർത്ഥികളുടെ അഭാവം മൂലമുണ്ടായ NCA ഒഴിവിലേയ്ക്ക് തെരഞ്ഞെടുപ്പിനായി 30.12.2016-ലെ അസാധാരണ ഗസറ്റിൽ 523/16 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും നിലവിൽ ഉള്ള ഒഴിവിലേയ്ക്കും ടി ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉത്ഭവിക്കുന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകുന്നതാണ്. |

Milan

സെക്ഷൻ ഓഫീസർ